**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 132** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി. നന്ദകുമാർ</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;</td><td>(എ)</td><td>വിജ്ഞാനസമൂഹ സൃഷ്ടിയെന്ന ലക്ഷ്യം കൈവരിക്കാനായി ചുവടെ പറയുന്ന പൊതു മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ള നൂതന കോഴ്സുകൾ (Integrated and Interdisciplinary).<br>2. ഓഫ് ലൈൻ-ഓൺലൈൻ സംയോജിത മാതൃക (Blended Model).<br>3. വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ.<br>4. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകളായിരിക്കണം.<br>5. ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്നവയായിരിക്കണം.<br>6. വ്യവസായ രംഗത്ത് നിന്നുള്ള adjunct faculty യെ ഇത്തരം കോഴ്സുകളിൽ ഉപയോഗിക്കാം.<br><br>ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജുവേറ്റ് ആട്രിബ്യൂട്ടുകൾക്കും(GA) ഊന്നൽ നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ശ്രമിച്ചു വരുന്നത്. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉന്നതവിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്തുന്നതിനായി ഡോ.ശ്യാം ബി.മേനോൻ അദ്ധ്യക്ഷനായി രൂപീകരിച്ച</td></tr>
</table>

| | | | |
|---|---|---|---|
| | | | ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, പാഠ്യ പദ്ധതി പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | അക്കാദമിക മികവിനും വൈദഗ്ധ്യ വികസനത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണോ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാഭ്യാസത്തിലൂടെ കൈവരിക്കുന്ന മാനവ വിഭവ വികസനം വൈജ്ഞാനിക മികവിനോടൊപ്പം നാടിന്റെ പുരോഗതിക്ക് കൂടി ഫലപ്രദമാകുന്ന തരത്തിലാണോ ഉന്നത വിദ്യാഭ്യാസ രംഗത്തെ നവീകരണം ലക്ഷ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | (എ)-യിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ